**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5727** **08-07-2024 - ൽ മറുപടിയ്ക്ക്**

**അരിമ്പൂർ ഗവ. ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂർ ഗവ. ആയുർവേദ ആശുപത്രിക്ക് ഫാർമസിസ്റ്റിന്റെ തസ്തിക അനുവദിക്കണമെന്നുള്ള അരിമ്പൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയില്ലാത്ത 27 സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റ് തസ്തിക അനുവദിക്കുന്ന പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ആയതിൽ മണലൂർ മണ്ഡലത്തിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എറവ് ഗവ. ആയുർവേദ ഡിസ്പെൻസറിയും ഉൾപ്പെട്ടിരുന്നു. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. |
| (ബി) | നിരവധി രോഗികൾ ആശ്രയിക്കുന്ന പ്രസ്തുത ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ തസ്തിക അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ